പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .125

10.06.2013-ൽ മറുപടിക്ക്

## അജാനൂർ കടപ്പുറം മത്സ്യബന്ധന തുറമുഖ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ കടപ്പുറം മത്സ്യബന്ധന തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ് ? | (എ) അജാനൂർ കടപ്പുറത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി മാതൃകാപഠനം, പരിസ്ഥിതി പഠനം എന്നിവയും കൂടി 28.01.2012 തീയതിയായി 24 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് ബാത്തിമെട്രിക് സർവ്വേ പൂർത്തീകരിക്കുകയും ചെയ്തു. ബാക്കിയുള്ള ഇൻവെസ്റ്റിഗേഷൻ പുരോഗമിക്കുന്നു. 30.03.2013 ലെ ജി.ഒ(Rt) 260/13/മതുവ പ്രകാരം 53 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുകയും മാതൃകാ പഠനം നടത്തുന്നതിന് പൂനെയിലെ സി.ഡബ്ല്യൂ.പി.ആർ.എസ്.-നെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) എന്തെല്ലാം നടപടികളാണ് പൂർത്തിയായത് എന്ന് വിശദമാക്കാമോ ? | (ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുമായി ബന്ധപ്പെട്ട ബാത്തിമെട്രിക് സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ